LIBRARY ARCHIVES Kerala Legislative Assembly

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ

3 [457] ശ്രീ. വി. ജെ. പൗലോസ്:
,, എ. പി. അനിൽ കുമാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വ്യാവസായിക വികസനം സംബന്ധിച്ച് പിന്നോക്കം നിൽക്കുന്ന ജില്ലകൾ സംസ്ഥാനത്ത് ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ജില്ലകളിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇടുക്കി, വയനാട് എന്നീ ജില്ലകളെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളായാണ് പരിഗണിക്കുന്നത്.

(ബി) പിന്നോക്ക ജില്ലകളായി പരിഗണിയ്ക്കപ്പെടുന്ന ജില്ലകൾക്കു മാത്രമായി വ്യവസായ മേഖലയിൽ പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പിന്നോക്കം നിൽക്കുന്ന ജില്ലകളായ ഇടുക്കിയിലും വയനാട്ടിലും പുതിയതായി വ്യവസായം തുടങ്ങുന്നവർക്ക് മറ്റു ജില്ലകളിൽ വ്യവസായം തുടങ്ങുന്നവരെ അപേക്ഷിച്ച് ഉയർന്ന നിരക്കിൽ മൂലധന സബ്സിഡി നൽകുന്നതാണ്. സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ നിരക്കിലും ത്രസ്റ്റ് യൂണിറ്റുകളാണെങ്കിൽ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25 ശതമാനം പരമാവധി 25 ലക്ഷം രൂപ നിരക്കിലും മൂലധന സബ്സിഡി നൽകുന്നതാണ്. ഇത് മറ്റു ജില്ലകളിൽ 10 ശതമാനം പരമാവധി 5 ലക്ഷം രൂപയും ത്രസ്റ്റ് യൂണിറ്റുകൾക്ക് 15 ശതമാനം പരമാവധി 15 ലക്ഷം രൂപയുമാണ്. ഇടുക്കിയിലും വയനാട്ടിലും കൂടിയ നിരക്കിൽ നിക്ഷേപസബ്സിഡി കൊടുക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

വ്യവസായ സംരംഭ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹൈപവ്വർ കമ്മിറ്റി

4 [458] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. സി. വേണുഗോപാൽ:
,, അടൂർ പ്രകാശ്:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനോ നിലവിലുള്ളവ വികസിപ്പിക്കുന്നതിനോ വേണ്ടി സ്ഥലമെടുപ്പ് നടത്തുമ്പോൾ തദ്ദേശവാസികൾ അതിനെ സംഘടിതമായി എതിർക്കുന്ന സാഹചര്യം നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന് ഏതുവിധത്തിൽ പരിഹാരം കാണാമെന്ന് കരുതുന്നു;

(സി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളടങ്ങിയ ഒരു ഹൈപവ്വർ കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ അവസരങ്ങളിൽ പ്രസ്തുത സ്ഥലത്തെ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി തദ്ദേശ സ്ഥലവാസികളുടെ പിൻതുണ ആർജ്ജിച്ച്, ഉടമകളുമായി സംസാരിച്ച്, സ്ഥലവാസികളുടെ ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിക്കൊണ്ട് സ്ഥലം അക്വയർ ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്.

(സി) ഇത്തരം പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് ഒരു ഹൈപവ്വർ കമ്മിറ്റിയുടെ ആവശ്യം ഉള്ളതായി ഇതുവരെ അനുഭവപ്പെട്ടിട്ടില്ല.

അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

5 [459] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും അതിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നവയെത്രയെന്നും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവ എത്രയെന്നും ചെറുകിട വ്യവസായ യൂണിറ്റുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പൂട്ടാനിടയാക്കിയ കാരണങ്ങൾ എന്തായിരുന്നുവെന്നും എത്ര തൊഴിലാളികൾ തൊഴിൽ രഹിതരായിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വി.ആർ.എസ്., സി.ആർ.എസ്., ഇ.എസ്.എസ്. തുടങ്ങിയ വിവിധ പദ്ധതികളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് എത്ര തൊഴിലാളികളെ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ നേരത്തെ നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിലുള്ള 33 വ്യവസായങ്ങൾ അടയ്ക്കുകയും നാലെണ്ണം വീണ്ടും തുറന്നു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 117 ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly